**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 57** **08-08-2023 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിൽ കെ-ഫോൺ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കെ-ഫോൺ പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | (എ) | കെ-ഫോൺ പദ്ധതിയുടെ പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു:-<br><br>6709 കിലോമീറ്റർ ബാക്ക്ബോൺ, 19271 കി.മീ. എ.ഡി.എസ്.എസ് (All-Dielectric Self Supporting Cable), ഒ.എഫ്.സി, ആക്സസ് കേബിൾ, 371 പോയിന്റ് ഓഫ് പ്രെസെൻസുകൾ, നെറ്റ്‌വർക്ക് ഓപ്പറേറ്റിംഗ് സെന്ററിലെ ഐറ്റി / നോൺ ഐറ്റി സംബന്ധമായ പണികൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>27,651 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുകയും ഇതിൽ 18195 (05-08-2023 വരെ) ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് ലഭ്യത ഉറപ്പ് വരുത്തുകയും ചെയ്തിട്ടുണ്ട്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 3836 (05-08-2023 വരെ) കുടുംബങ്ങൾക്ക് കെ-ഫോൺ കണക്ഷൻ നൽകിയിട്ടുണ്ട്. |
| (ബി) | ഓരോ മണ്ഡലത്തിലും നൂറ് വീടുകൾക്ക് സൗജന്യമായി കണക്ഷൻ നൽകുന്നതിന്റെ ഭാഗമായി വാമനപുരം മണ്ഡലത്തിലെ ഒൻപത് ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിച്ച അപേക്ഷകളിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (ബി) | വാമനപുരം മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച പട്ടികയിലെ 34 കുടുംബങ്ങൾക്ക് കെ-ഫോൺ കണക്ഷൻ നൽകിയിട്ടുണ്ട്. ബാക്കിയുള്ള വീടുകളിൽ കണക്ഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. |
| (സി) | അപേക്ഷിക്കുന്ന എല്ലാവർക്കും കണക്ഷൻ നൽകാൻ കഴിയുമോ;വ്യക്തമാക്കാമോ ? | (സി) | തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ഗുണഭോക്താക്കളുടെ പട്ടിക അടിസ്ഥാനമാക്കിയാണ് നിലവിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് കെ-ഫോൺ കണക്ഷൻ നൽകിവരുന്നത്. വീടുകളിൽ വാണിജ്യ കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള ലാസ്റ്റ് മൈൽ നെറ്റ്‌വർക്ക് ദാതാവിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പ്രസ്തുത നടപടികൾ |

| | | | |
|---|---|---|---|
| | | | പൂർത്തീകരിച്ച ശേഷം എന്റെ KFON (enteKFON) എന്ന മൊബൈൽ ആപ്ലിക്കേഷൻ മുഖേനെ രജിസ്റ്റർ ചെയ്യുന്ന ഉപഭോക്താക്കൾക്ക് കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ